**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1411** **19-09-2025 - ൽ മറുപടിയ്ക്ക്**

**സി. ബി. എൽ. വള്ളംകളി മത്സരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 2025 വർഷത്തെ സി. ബി. എൽ. വള്ളംകളി മത്സരങ്ങൾ എന്നു മുതലാണ് ആരംഭിക്കുക; പ്രസ്തുത മത്സരങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന 2025 വർഷത്തെ സി. ബി. എൽ. വള്ളംകളി മത്സരങ്ങൾ 14 വേദികളിലായി സെപ്റ്റംബർ 19 മുതലാണ് ആരംഭിക്കുന്നത്. മത്സരങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുന്ന റൂൾ ബുക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ചുണ്ടൻ വള്ളങ്ങൾ തുഴയുന്ന തുഴച്ചിൽകാർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ചുണ്ടൻ വള്ളങ്ങൾ തുഴയുന്ന തുഴച്ചിൽകാർക്ക് ഇൻഷ്വറൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്ന വള്ളങ്ങൾക്ക് ബോണസ് തുക എത്രയാണ് നൽകാറുള്ളത്; കഴിഞ്ഞവർഷത്തിൽ കുടിശ്ശിക ആയിട്ടുള്ള തുക പൂർണമായും കൊടുത്തു തീർത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന മത്സരങ്ങളിൽ പങ്കെടുക്കുന്ന എല്ലാ ബോട്ട് ക്ലബ്ബുകൾക്കും ഓരോ മത്സരത്തിനും 3 ലക്ഷം രൂപ വീതവും ചുണ്ടൻ വള്ളങ്ങളുടെ ഉടമകൾക്ക് 1 ലക്ഷം രൂപ വീതവുമാണ് ബോണസ് തുക നൽകുന്നത്. കഴിഞ്ഞ വർഷത്തിലെ തുക കൊടുത്ത് തീർത്തിട്ടുണ്ട്. |
| (ഡി) | സി. ബി. എൽ. മത്സരങ്ങളുടെ നിയമാവലിയുടെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | നിയമാവലി റൂൾ ബുക്കിൽ ഉൾപ്പെടുന്നു. റൂൾ ബുക്കിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

kerala
God's Own Country

CHAMPIONS
BOAT LEAGUE
KERALA BACKWATERS

## സീസൺ 5

# റൂൾ ബുക്ക്



## കോർ കമ്മിറ്റി
## സംസ്ഥാന സംഘാടക സമിതി

റെയ്സ് കമ്മിറ്റി

ടൂറിസം ഡയറക്ടർ/പ്രതിനിധി

ടെക്നിക്കൽ കമ്മിറ്റി

ചീഫ് ജഡ്ജ്

ചീഫ് സ്റ്റാർട്ടർ

ചീഫ് അമ്പയർ

ചീഫ് ടൈം കീപ്പർ

അപ്പീൽ കമ്മിറ്റി

### റെയ്സ് ഡയറക്ടർ

- മത്സര നടത്തിപ്പിന്റെ ചുമതലക്കാരൻ
- നേരിട്ട് സംസ്ഥാന സംഘാടകസമിതിക്ക് റിപ്പോർട്ട് ചെയ്യുന്നു.
- സമയബന്ധിതമായും നിയമാനുസൃതമായും അച്ചടക്കത്തോടുകൂടിയും മത്സരങ്ങൾ നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നു.

### ചീഫ് സ്റ്റാർട്ടർ

- സ്റ്റാർട്ടിങ് ലൈൻ ചുമതലക്കാരൻ.
- മറ്റ് സ്റ്റാർട്ടർമാരുടെ ഏകോപന ചുമതല.
- സമയക്ലിപ്തത പാലിക്കുന്നതിന്റെ ചുമതലക്കാരൻ.
- റെയ്സ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നു.

### ചീഫ് അമ്പയർ

- സ്റ്റാർട്ടറും ചീഫ് ജഡ്ജിമായി ചേർന്ന് പ്രവർത്തിക്കുന്നു.
- മറ്റ് അമ്പയർമാരുടെ ഏകോപന ചുമതല.
- മത്സരം ആരംഭിച്ചുകഴിഞ്ഞാൽ ഫിനിഷ് ലൈൻ കടക്കുന്നതുവരെ മത്സരത്തിന്റെ മേൽനോട്ട ചുമതല.
- റെയ്സ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നു.

**ചീഫ് ടൈം കീപ്പർ**

- ചീഫ് സ്റ്റാർട്ടറും ചീഫ് അമ്പയറുമായി ചേർന്ന് പ്രവർത്തിക്കുന്നു.
- ഇലക്ട്രോണിക് ടൈമിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനം ഉറപ്പുവരുത്തുന്നു.
- മാനുവൽ ടൈം കീപ്പിംഗ് സംവിധാനം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു.
- മറ്റ് ടൈം കീപ്പർമാരുടെ ഏകോപന ചുമതല. റെയ്സ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നു.

**ചീഫ് ജഡ്ജ്**

- ഫിനിഷിംഗ് ലൈനിലെ ചുമതലക്കാരൻ.
- മറ്റ് ജഡ്ജ് മാരുടെ ഏകോപന ചുമതല.
- റെയ്സ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നു.

**ചീഫ് മാർഷൽ**

- മത്സര സമയത്ത് ടീമുകളുടെ ഹാജർ കൃത്യമായി ഉറപ്പുവരുത്തുന്നു.
- മാസ് ഡ്രിൽ സമയത്ത് എല്ലാ ടീമുകളുടെയും സാന്നിധ്യം ഉറപ്പുവരുത്തുന്നു.
- റെയ്സ് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുന്നു

**അപ്പീൽ കമ്മിറ്റി**

- അച്ചടക്ക ലംഘനം ഉണ്ടായാൽ അപ്പീൽ കമ്മിറ്റി/ റേസ് കമ്മിറ്റി യുടെ തീരുമാനം അന്തിമമായിരിക്കും.
- അപ്പീൽ ഫീസ് ഒന്നിന് രൂപ 5,000 /

## റെയ്സ് ഫോർമാറ്റ് & പോയിന്റ്സ്

- 3 ഹീറ്റ്സ് ഃ 3 മൂന്ന് ടീമുകൾ
- ഏറ്റവും മികച്ച സമയക്രമത്തിൽ ഫൈനലിലേക്ക് യോഗ്യത നേടുന്നു.
- ഏറ്റവും മികച്ച സമയമുള്ള 3 ടീമുകൾ ഫൈനലിൽ മത്സരിക്കുന്നു.
- 4, 5, 6 സ്ഥാനത്തുള്ള ടീമുകൾ (സമയക്രമത്തിൽ) ലൂസേഴ്സ് ഫൈനലിൽ മത്സരിക്കുന്നു.
- 7,8,9 സ്ഥാനത്തുള്ള ടീമുകൾ (സമയക്രമത്തിൽ) ഫസ്റ്റ് ലൂസേഴ്സ് ഫൈനലിൽ മത്സരിക്കുന്നു.

| പോയിന്റ് | |
|---|---|
| ഒന്നാം സ്ഥാനം | 10 പോയിന്റ് |
| രണ്ടാം സ്ഥാനം | 9 പോയിന്റ് |
| മൂന്നാം സ്ഥാനം | 8 പോയിന്റ് |
| നാലാം സ്ഥാനം | 7 പോയിന്റ് |
| അഞ്ചാം സ്ഥാനം | 6 പോയിന്റ് |
| ആറാം സ്ഥാനം | 5 പോയിന്റ് |
| ഏഴാം സ്ഥാനം | 4 പോയിന്റ് |
| എട്ടാം സ്ഥാനം | 3 പോയിന്റ് |
| ഒൻപതാം സ്ഥാനം | 2 പോയിന്റ് |

# സാധ്യത തീയതികൾ

| ക്രമ നം | വേദി | സാധ്യതാ തീയതി |
|---|---|---|
| 1 | കൈനകരി , ആലപ്പുഴ (ഉദ്ഘാടനം) | 19.09.2025 |
| 2 | ധർമ്മടം, കണ്ണൂർ | |
| 3 | താഴത്തങ്ങാടി, കോട്ടയം | 27.09.2025 |
| 4 | ചെറുവത്തൂർ, കാസർഗോഡ് | 02.10.2025 |
| 5 | പിറവം, എറണാകുളം | 04.10.2025 |
| 6 | മറൈൻ ഡ്രൈവ്, എറണാകുളം | 11.10.2025 |
| 7 | ബേപ്പൂർ, കോഴിക്കോട് | 19.10.2025 |
| 8 | കോട്ടപ്പുറം, തൃശൂർ | 25.10.2025 |
| 9 | പുളിങ്കുന്നം, ആലപ്പുഴ | 01.11.2025 |
| 10 | കരുവാറ്റ, ആലപ്പുഴ | 08.11.2025 |
| 11 | പാണ്ടനാട്, ചെങ്ങന്നൂർ , ആലപ്പുഴ | 15.11.2025 |
| 12 | കായംകുളം, ആലപ്പുഴ | 22.11.2025 |
| 13 | കല്ലട, കൊല്ലം | 29.11.2025 |
| 14 | പ്രസിഡന്റ്സ് ട്രോഫി, കൊല്ലം | 06.12.2025 |

**മത്സരക്രമങ്ങളിൽ / വേദികളിൽ അടിയന്തിര ഘട്ടങ്ങളിൽ മാറ്റം വരുത്തുവാൻ റെയ്സ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.**

## പ്രൈസ് മണി   എല്ലാ മത്സരങ്ങൾക്കും

**ഒന്നാം സമ്മാനം 5 ലക്ഷം**

**രണ്ടാം സമ്മാനം 3 ലക്ഷം**

**മൂന്നാം സമ്മാനം 1 ലക്ഷം**

**പുറമേ പങ്കെടുക്കുന്ന എല്ലാ ബോട്ട് ക്ലബ്ബുകൾക്കും ഓരോ മത്സരത്തിനും 3 ലക്ഷം രൂപ വീതവും ചുണ്ടൻ വള്ളങ്ങളുടെ ഉടമകൾക്ക് 1 ലക്ഷം രൂപ വീതവും ബോണസ് നൽകും.**

## പ്രൈസ് മണി  ലീഗ് ചാമ്പ്യന്മാർ

സിബിഎല്ലിന്റെ എല്ലാ മത്സരങ്ങളിലെയും പോയിന്റുകളുടെ അടിസ്ഥാനത്തിൽ സിബിഎൽ 2025 ലെ ലീഗ് നേതാക്കൾക്ക് 25 ലക്ഷം രൂപയാണ് സമ്മാനത്തുക. രണ്ടും മൂന്നും സ്ഥാനക്കാർക്ക് യഥാക്രമം 15, 10 ലക്ഷം രൂപ വീതം സമ്മാനമായി ലഭിക്കും.

സാമ്പത്തിക ഇടപാടുകൾ പൂർണ്ണമായും ട്രഷറി / ബാങ്ക് മുഖേനയായിരിക്കും. എല്ലാ ക്ലബ്ബുകളും വള്ളങ്ങളും നിയമപരമായ രേഖകൾ (ക്ലബ്ബിന്റെ പേരിലുള്ള പാൻകാർഡ് അടക്കം) സി. ബി. എൽ കമ്പനിക്ക് കൈമാറേണ്ടതാണ്.

## സ്റ്റാർട്ടിങ്

ചീഫ് സ്റ്റാർട്ടറുടെ ചുമതല.

ശബ്ദ സന്ദേശം (ഗൺ ഷോട്ട് )

ഫൗൾ സ്റ്റാർട്ട് : ചുവപ്പു കോടി  മത്സരം റീ കോൾ ചെയ്യുകയും പുനരാരംഭിക്കുകയും ചെയ്യും.  പരമാവധി സമയം  5 മിനിറ്റ്. അഞ്ചു മിനിറ്റിനുള്ളിൽ മത്സരം പുനരാരംഭിക്കുന്നതിന് കഴിയാത്ത ടീമിന് 5 സെക്കൻഡ് പെനാൽറ്റി ഉണ്ടായിരിക്കുന്നതാണ്.

## റെയ്സ് ട്രാക്ക്

ചീഫ് അമ്പയറുടെ  ചുമതല.

ട്രാക്ക് തെറ്റിയുള്ള മത്സരം  അമ്പയറുടെ താക്കീത് വീണ്ടും ആവർത്തിച്ചാൽ അയോഗ്യത.

പൂർണ്ണമായും ചീഫ് അമ്പയറുടെ അധികാരത്തിൽപ്പെടുന്നത്.

ഫിനിഷിംഗ് പൂർണമായും ഇലക്ട്രോണിക് ഫോട്ടോ ഫിനിഷ് സംവിധാനം ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.

# ടീം (വള്ളങ്ങൾ + ക്ലബുകൾ)

| Sl No | Name of Club | **CBL** | Name of Boat |
|---|---|---|---|
| 1. | Pallathuruthy Boat Club - PBC | Tropical Titans | Melpadam Chundan |
| 2. | Village Boat Club – VBC, Kainakari | Pride Chasers | Veeyapuram Chundan |
| 3. | Kumarakam Town Boat Club - KTBC | Backwater Warriors | Payippadan Chundan |
| 4. | Niranam Boat Club | Backwater Kings | Niranam Chundan |
| 5. | Karichal Chundan FC | Thunder Oars | Karichal Chundan |
| 6. | Immanuel Boat Club | Chundan Warriors | Naduvile Paramban |
| 7. | Punnamada Boat Club - PBC | Ripple Breakers | Nadubhagom Chundan |
| 8. | Thekkekkara Boat Club | Backwater Chargers | Cheruthana Chundan |
| 9. | Changanassery Boat Club | Wave Gliders | Chambakulam Chundan |

സി ബി എൽ അഞ്ചാം സീസൺ എല്ലാ മത്സരങ്ങളിലും ഫോർമേഷൻ തുടരേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ മേൽ വള്ളങ്ങളിൽ കേടുപാടുകൾ സംഭവിച്ചാൽ ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രസ്തുത ക്ലബ്ബുകൾക്ക് മറ്റൊരു വള്ളം തിരഞ്ഞെടുക്കുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്.

ടീം ക്യാപ്റ്റൻ

- ടീമിൻറെ പൂർണ്ണ ഉത്തരവാദി. മത്സരങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും കൈമാറേണ്ടതും ടീം മീറ്റിങ്ങുകളിൽ പങ്കെടുക്കേണ്ടതും ടീം ക്യാപ്റ്റനാണ്.
- മത്സര സമയത്ത് ഉണ്ടാകുന്ന സാങ്കേതിക വിഷയങ്ങളിൽ ഹാജരാകേണ്ട വ്യക്തി.

## ടീം ഫോർമേഷൻ

- 25% തുഴച്ചിലുകാർക്ക് പകരക്കാരാവാൻ അനുവാദം ഉണ്ട്. ആദ്യം സമർപ്പിക്കുന്ന ലിസ്റ്റിൽ പകരക്കാരാകാൻ സാധ്യതയുള്ള തുഴച്ചിലുകാരുടെ പേര് വിവരങ്ങൾ കൂടി പ്രത്യേകം ചേർക്കേണ്ടതാണ്.
- തുഴച്ചിലുകാരെ മാറ്റി കയറ്റുകയോ കൃത്രിമം കാണിക്കുകയോ ചെയ്താൽ പ്രസ്തുത ടീമിനെ അയോഗ്യരാക്കുന്നതിനും ബോണസ്/സമ്മാനത്തുക കുറവ് ചെയ്യുന്നതിനും സി.ബി.എൽ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## ടീം ജേഴ്സി

- സി.ബി.എൽ മത്സരങ്ങളിൽ പങ്കെടുക്കുന്ന 9 ടീമുകൾക്ക് സി.ബി.എൽ കമ്പനി ജേഴ്സികൾ നൽകുന്നതായിരിക്കും.
- ജേഴ്സിയിൽ / വള്ളങ്ങളിൽ സി.ബി.എൽ കമ്പനിയുടെ അനുവാദമില്ലാതെ പരസ്യങ്ങളോ മറ്റുചിഹ്നങ്ങളോ ചേർക്കുവാൻ പാടുള്ളതല്ല.
- സി.ബി.എൽ കമ്പനിയുടെ അനുവാദമില്ലാതെ ടീം ജേഴ്സിയിൽ വ്യത്യാസം വരുത്താൻ സാധിക്കുന്നതല്ല

## മാസ് ഡ്രിൽ

- എല്ലാം മത്സരങ്ങളിലും തുടക്കത്തിൽ മാസ് ഡ്രിൽ ഉണ്ടായിരിക്കുന്നതാണ്.
- ചീഫ് മാർഷലിന്റെ നിർദ്ദേശപ്രകാരം മാസ് ഡ്രില്ലിൽ പങ്കെടുക്കാത്ത ടീമുകൾക്ക് 25% ബോണസ് കുറവ് ചെയ്യുന്നതായിരിക്കും.

## റെയ്സ്

- കൃത്യസമയത്ത് സ്റ്റാർട്ടിങ് പോയിന്റിൽ ഹാജരാകാത്ത ടീമുകൾക്ക് 25% ബോണസ് കുറവ് ചെയ്യുന്നതായിരിക്കും.

## അച്ചടക്കം

- അച്ചടക്ക ലംഘനം നടത്തുന്ന ടീമുകൾക്ക് മത്സരം നിയന്ത്രിക്കുന്ന ഒഫീഷ്യലുകളുടെ റിപ്പോർട്ട് പ്രകാരം പെനാൽറ്റി വിധിക്കും (സമയം / ബോണസ് തുക). അല്ലെങ്കിൽ കമ്മിറ്റിയുടെ വിധിപ്രകാരം അയോഗ്യരാക്കും.
- മത്സരം നടക്കുന്ന പ്രദേശത്ത് ക്രമസമാധാന പാലനത്തെ ബാധിക്കുന്ന തരത്തിൽ ടീം അംഗങ്ങളുടെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള പ്രവർത്തികൾ ഉണ്ടായാൽ ക്രിമിനൽ ചട്ടങ്ങൾക്ക് അനുസരിച്ചുള്ള നടപടികൾക്ക് വിധേയമാക്കുന്നതായിരിക്കും.

## മറ്റിനങ്ങൾ

പൂർണ്ണമായും റെയ്സ് കമ്മിറ്റി /
റെയ്സ് ഡയറക്ടറുടെ തീരുമാനത്തിന് വിധേയം

Hechana

സെക്ഷൻ ഓഫീസർ